# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2887** — **13.03.2018 ൽ മറുപടിയ്ക്ക്**

## നാളികേര വർഷാചരണത്തിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

| ചോദ്യം<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) ഒരു വർഷം നാളികേര വർഷമായി ആചരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; | എ) ഉണ്ട്. നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനായി സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ട് വിവിധങ്ങളായ 55 ഇന കർമ്മ പദ്ധതികൾ ആവിഷ്കരിച്ചു കൊണ്ട് മലയാള വർഷം 1193 ചിങ്ങം1 മുതൽ 1194 ചിങ്ങം 1 വരെ "കേരവർഷ"മായി ആചരിക്കുവാൻ പ്രഖ്യാപിക്കുകയും ഊർജ്ജിത കർമ്മപരിപാടികൾ നടപ്പിലാക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കേരവർഷാചരണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന കർമ്മ പദ്ധതികളുടെ പട്ടിക 20.09.2017 ലെ സ.ഉ (സാധാ).896/17/കൃഷി പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനു പുറമെ കൃഷി വകുപ്പു മന്ത്രി ചെയർമാനായി കർഷക പ്രതിനിധികൾ, ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി പ്രതിനിധികൾ, കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ ഗവേഷണ സ്ഥാപന മേധാവികൾ എന്നിവരെ ഉൾപ്പെടുത്തി 'കോക്കനട്ട് മിഷൻ' രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| ബി) മികച്ച തെങ്ങിൻ തൈകൾ ഉത്പാദിപ്പിച്ച് നൽകുവാൻ ഐ. സി. എ. ആർ. മായി ധാരണയിലായിട്ടുണ്ടോ; വ്യക്തമാക്കാമോ? | ബി) 2017-18 വർഷം കാസർഗോഡ് കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ച് നാളികേരവികസനത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുവാൻ 269.2426 ലക്ഷം രൂപയുടെ |

3 പദ്ധതികൾക്ക് അംഗീകാരം നൽകി നടപ്പിലാക്കി വരുന്നു. ആയതിൽ തെങ്ങിൻ തൈ ഉല്പാദനവുമായി ബന്ധപ്പെട്ട പദ്ധതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | കാലാവധി | തുക (ലക്ഷം രൂപ) |
|---|---|---|---|
| 1 | ഗുണമേന്മയേറിയ കുറിയ ഇനം തെങ്ങിൻ തൈകളുടെ ഉല്പാദനവും വിതരണവും | 3 കൊല്ലം | 91.2032 |
| 2 | തെങ്ങിന്റെ സങ്കരപ്രക്രിയയ്ക്കും തൈ ഉല്പാദനത്തിനുമുള്ള സാങ്കേതിക സഹായം നൽകുന്ന പദ്ധതി | 3 കൊല്ലം | 119.9264 |

കൂടാതെ കായംകുളം കേന്ദ്രതോട്ടവിള ഗവേഷണ കേന്ദ്രത്തിന് "കാറ്റു വീഴ്ചയുള്ള പ്രദേശങ്ങളിൽ വിപുലമായ തോതിൽ മികച്ച നെടിയ ഇനം & സങ്കരയിനം തെങ്ങിൻതൈകളുടെ ഉല്പാദനം" എന്ന 4 വർഷ പ്രോജക്ടിന്റെ 2-ാം വർഷ ആനുകൂല്യമായ 33 ലക്ഷം രൂപ നൽകുന്നതിനുള്ള നടപടിയും പൂർത്തിയായിട്ടുണ്ട്.

സി) ഇടവിളകളിലൂടെ തെങ്ങ് കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

സി) നാളികേരത്തിന്റെ ഉൽപ്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനായി സംയോജിത വിളപരിപാലനമുറകൾ സ്വീകരിച്ച് നാളികേര കൃഷിസംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര നാളികേര കൃഷി വികസന ത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു.

വാഴ, ഇഞ്ചി, മഞ്ഞൾ, കിഴങ്ങ് വർഗ്ഗങ്ങൾ, കുരുമുളക്, പുഷ്പകൃഷി തുടങ്ങിയ ഇടവിളകൃഷികൾ തെങ്ങിൻ തോട്ടങ്ങളിൽ

പ്രചരിപ്പിച്ച് കൃഷിക്കാരന്റെ വരുമാനം വർദ്ധിപ്പിക്കാനായി കേരഗ്രാമം പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. 50% സബ്സിഡി നിരക്കിൽ ഒരു ഹെക്ടറിന് 6000രൂപ ആനുകൂല്യവും നൽകുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**